# <u>വെറുംപാത്രങ്ങളൊക്കെയും വായ്പവാങ്ങുക2 രാജ.43</u>

തണുത്തുറഞ്ഞിരിക്കുന്ന ഒരു വസ്തുവിനെ ഒരു പാത്രത്തിൽ നിന്ന് മറ്റൊന്നിലേക്ക് പകരുവാൻ കഴിയുകയില്ല .തണുത്ത അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന വസ്തുവും തണുപ്പിന് കീഴ്പ്പെട്ടതാകും.വസ്തു ചൂടാകമ്പോൾ അഥവാ തണുത്ത അവസ്ഥയ്ക്കു മാറ്റം വരുമ്പോൾ പകരുവാൻകഴിയും.അതുപോലെ നമ്മുടെ തണുത്തഅവസ്ഥയ്ക്കും മാറ്റം വരണം.

ഇന്നത്തെ വേദഭാഗത്ത് നാം ക വിവിധ പ്രശ്നങ്ങളുടെ നടുവിൽ തളർന്നിരുന്നവളല്ല.വരുവാൻ പോകുന്ന അപകടത്തിന്റെ അനന്തരഫലം മനസ്സിലാക്കി ആയിരിക്കുന്ന ഇടത്തുനിന്നും എഴുന്നേറ്റു. അടുത്തതായി അവൻ ചെയ്തത് തന്റെ പ്രശ്നം മറ്റാരോടും അറിയിക്കാതെ പ്രവാചകന്റെ അടുക്കൽ എത്തി പറയുവാൻ തീരുമാനിച്ചു .അവളുടെ ഭർത്താവ് ഒരു യഹോവ ഭക്തനായിരുന്നു. അതിനാൽ യഹോവയുടെ ദാസനായ പ്രവാചകന്റെ അടുക്കൽ തന്നെ എത്തി സങ്കടം ബോധിപ്പിക്കുവാൻ അവൾ പുറപ്പെട്ടു. ഇന്ന് പലർക്കും തങ്ങളുടെ ആത്മീയ അവസ്ഥയെ പറ്റിയോ ഭൗതീക തകർച്ചയുടെ കാരണങ്ങളെപ്പറ്റിയോ അറിവില്ലാത്തതിനാൽ ചെല്ലേ ിടത്തു ചെല്ലുന്നില്ല. തന്റെ ആവശ്യം അറിഞ്ഞ് സഹായിപ്പാൻ കഴിയുന്ന ദൈവമുമ്പാകെ എത്തുക എന്നതാണ് അടുത്തപടി. എന്നാൽ എത്തിയാലും പറയേ ത് പറഞ്ഞില്ലെങ്കിൽ എന്ത് പ്രയോജനം ? മക്കൾ നഷ്ടപ്പെടും എന്നുള്ള അവസ്ഥ പറയുക മാത്രമല്ല അവൾ ചെയ്തത്,തന്റെ പരിതാപകരമായ അവസ്ഥയെ തുറന്നു കാട്ടി. നിന്റെ വീട്ടിലെന്തു ്? എന്നുള്ള പ്രവാചകന്റെ ചോദ്യത്തിന് മറുപടിയായി കുറച്ച് എണ്ണ മാത്രം എന്നുത്തരം നൽകി. പ്രവാചകൻ പറഞ്ഞതനുസരിച്ച് അയൽപക്കങ്ങളിൽനിന്നും വെറും പാത്രങ്ങൾ വാങ്ങി,എണ്ണ പകരുവാൻ നിശ്ചയിച്ചു എന്നു മാത്രമല്ല അതിവേഗം അമ്മയും മക്കളും ചേർന്ന് അത് നടപ്പിലാക്കുകയും ചെയ്തു . ഓർക്കുക അനുഗ്രഹം

നമ്മിലേക്കുപകരണമെങ്കിൽ നാം വെറും പാത്രങ്ങളാകണം .അതിനായി നമ്മിലെ അഹങ്കാരം പക വിദ്വേഷം അനുസരണക്കേട് ഇവയെ എല്ലാം ഉപേക്ഷിക്കണം. വെറും പാത്രം ഉള്ളിടത്തേ പകർച്ച നടക്കൂ.കുറച്ചേഉള്ളൂ തന്റെ ഭരണിയിലെ എണ്ണ എന്ന് സമ്മതിച്ചവൾ വാതിലും ജനലും അടച്ച് അനേക പാത്രങ്ങളിൽ പകർന്നു. പ്രീയരേ മനുചിന്തകളെല്ലാം വെടിഞ്ഞ് ദൈവസന്നിധിയിലെത്താം.പ്രാർത്ഥനയോടും ആരാധനയോടും കൂടെ പരിശുദ്ധാത്മാവാകുന്ന എണ്ണയുടെ പകർച്ച അനുഭവിക്കാം.പകർച്ച ലഭിച്ചവർ അതിനെ മനുഉളളവരിലേക്കും പകരണം.


Sis. Shanthamma Varghese

ശാന്തമ്മ വറുഗീസ്